**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3354 — 19.06.2019-ൽ മറുപടിക്ക്

**ട്രേഡ് ഇൻസ്ട്രക്ടേഴ്സ് റേഷ്യോ പ്രമോഷൻ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | **ഡോ. കെ. ടി. ജലീൽ**<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) |
| (എ) സാങ്കേതികവിദ്യാഭ്യാസ വകുപ്പിനുകീഴിൽ കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക് കോളേജ്, ടെക്നിക്കൽ ഹൈസ്കൂൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ട്രേഡ് ഇൻസ്ട്രക്ടേഴ്സ് വിഭാഗത്തിന് റേഷ്യോ പ്രമോഷൻ വകുപ്പ് ശിപാർശ ചെയ്ത് സർക്കാരിന്റെ മുന്നിൽ എത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത്;<br><br>(ബി) ഇത് സംബന്ധിച്ച് സർക്കാരിന് ലഭിച്ച നിവേദനങ്ങളിൽ എന്ത് നടപടി സ്വീകരിച്ചു; | (എ) & (ബി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ റേഷ്യോ പ്രമോഷൻ നിലവിലുണ്ട്. നിലവിലെ സ്പെഷ്യൽ റൂൾസ് പ്രകാരം ട്രേഡ് ഇൻസ്ട്രക്ടർ സീനിയർ ഗ്രേഡ്, ട്രേഡ് ഇൻസ്ട്രക്ടർ ഫസ്റ്റ് ഗ്രേഡ്, ട്രേഡ് ഇൻസ്ട്രക്ടർ സെക്കന്റ് ഗ്രേഡ് എന്നീ തസ്തികകളിൽ 1:1:3 എന്ന അനുപാതത്തിലാണ് റേഷ്യോ പ്രമോഷൻ നൽകി വരുന്നത്. ആകെ 1023 ട്രേഡ് ഇൻസ്ട്രക്ടർ തസ്തികകളാണ് വകുപ്പിലുള്ളത്. ഈ അനുപാതം 1:1:1 എന്ന രീതിയിൽ വർദ്ധിപ്പിക്കണമെന്ന് കാണിച്ച് ചില നിവേദനങ്ങൾ ലഭിച്ചിരുന്നു. ഉയർന്ന അനുപാതത്തിലുള്ള റേഷ്യോ പ്രമോഷൻ അനുവദിക്കുന്നതിനുള്ള പരാതികൾ അടുത്ത ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കുമ്പോൾ ടി കമ്മീഷന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണെന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. |
| (സി) ട്രേഡ് ഇൻസ്ട്രക്ടേഴ്സ് ഉന്നയിക്കുന്ന റേഷ്യോ പ്രമോഷൻ സംബന്ധിച്ച വിഷയം പരിഹരിച്ചു നൽകുന്നതിനായി നടപടി സ്വീകരിക്കുമോ? | (സി) 1:1:3 എന്ന അനുപാതം 1:1:1 ആയി പരിഷ്കരിക്കുന്നത് സർക്കാരിന് വലിയ സാമ്പത്തിക ബാധ്യതയുണ്ടാക്കുന്ന വിഷയമായതിനാൽ ടി വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

Manoj M
സെക്ഷൻ ഓഫീസർ